# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:2762

17.06.2019-ലെ മറുപടി

## വൈപ്പിൻ മണ്ഡലത്തിലെ പൈപ്പ് ശൃംഖലയുടെ മാപ്പ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എസ്.ശർമ്മ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | വൈപ്പിൻ നിയോജക മണ്ഡലത്തിലെ ശുദ്ധജല വിതരണ പൈപ്പ് ശൃംഖലയുടെ മാപ്പ് നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | ഉണ്ട്. വൈപ്പിൻ നിയോജക മണ്ഡലത്തിൽ പുതുതായി പൈപ്പ് ലൈൻ സ്ഥാപിച്ചപ്പോൾ പ്രായോഗിക ബുദ്ധിമുട്ടുകൾ കാരണം കാലപ്പഴക്കം ചെന്നതും ഉപയോഗ ശൂന്യവുമായ പൈപ്പുലൈനുകൾ മണ്ണിനടിയിൽ നിന്നും നീക്കം ചെയ്തിട്ടില്ല. ഇത്തരത്തിൽ നീക്കം ചെയ്യാതിരുന്ന പമ്പിംഗ് മെയിനുകൾ പൂർണ്ണമായും ഉപേക്ഷിച്ചതിനാൽ ടി പൈപ്പുകളിലൂടെ പമ്പിംഗ് നടത്തുന്നില്ല. എന്നാൽ സാങ്കേതിക കാരണങ്ങളാൽ വിതരണ ശൃംഖലകൾ മാറ്റിയിട്ട പവർലൈൻ റോഡ്, പല്ലംപിള്ളി റോഡ്, മാലിപ്പുറം റോഡ്, ചാപ്പ കടപ്പുറം എന്നീ സ്ഥലങ്ങളിലെ ഉപയോഗിക്കാവുന്ന അവസ്ഥയിലുള്ള പൈപ്പുകളിലൂടെ ഇപ്പോഴും ജലവിതരണം നടത്തുന്നുണ്ട്. |
| (ബി) | പുതുതായി പൈപ്പ് ലൈൻ സ്ഥാപിച്ചപ്പോൾ കാലപ്പഴക്കം ചെന്നതും ഉപയോഗ ശൂന്യവുമായ പൈപ്പ് ലൈനുകൾ മണ്ണിനടിയിൽ നിന്നും നീക്കം ചെയ്തിട്ടുണ്ടോയെന്നും അത്തരം പൈപ്പുകളിലൂടെ ഏതെങ്കിലും ഇടങ്ങളിൽ പമ്പിംഗ് നടത്തുന്നുണ്ടോയെന്നും വ്യക്തമാക്കാമോ? | | |

Renuka Sankar
സെക്ഷൻ ഓഫീസർ